# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2992 — 10.03.2017-ൽ മറുപടിക്ക്

## ഇ-സ്റ്റാമ്പിംഗ് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.വി. കെ. സി. മമ്മത് കോയ<br>ശ്രീ.പി.കെ. ശശി<br>ശ്രീ.പി.ടി.എ. റഹീം:** | **ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) രജിസ്ട്രേഷൻ വകുപ്പിന്റെ ഏതെല്ലാം പ്രവർത്തന മേഖലകളിലാണ് വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) രജിസ്ട്രേഷൻ വകുപ്പിൽ, ആധാര രജിസ്ട്രേഷൻ ബാധ്യതാ സർട്ടിഫിക്കറ്റുകൾ, ആധാരപ്പകർപ്പുകൾ വിവാഹ രജിസ്ട്രേഷൻ, സൊസൈറ്റി രജിസ്ട്രേഷൻ പാർട്ട്ണർഷിപ്പ് രജിസ്ട്രേഷൻ, ഭരണപരമായ ഫയലുകളുടെ നടപടികൾ, ജീവനക്കാരുടെ ശമ്പളവും മറ്റ് ട്രഷറി ഇടപാടുകളും, നികുതികൾ ഇൻറർനെറ്റ് ബാങ്കിംഗ് മുഖാന്തിരം ഒടുക്കുന്നതിനുള്ള സൗകര്യം ടെണ്ടർ നടപടികൾ, ഭൂമിയുടെ ന്യായവില അറിയുന്നതിനുള്ള സംവിധാനം എന്നീ മേഖലകളിൽ വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. |
| ബി) വ്യാജ മുദ്രപത്രങ്ങൾ തടയുന്നതിന്റെ ഭാഗമായി മുദ്രകൾ ഇലക്ട്രോണിക് രൂപത്തിൽ തയ്യാറാക്കുന്നതിനുള്ള ഇ-സ്റ്റാമ്പിംഗ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | ബി) ഉണ്ട്. കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ സാങ്കേതിക സഹായത്തോടെ ട്രഷറി വകുപ്പുമായി സഹകരിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് കേരള മുദ്രപത്ര നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) സബ് രജിസ്ട്രാർ ഓഫീസുകളിലെ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള സേവനങ്ങൾക്കുള്ള ഫീസുകൾ ഇ-പേയ്മെന്റായി സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | സി) ഉണ്ട്. ഇ-പേയ്മെന്റ് മുഖാന്തിരം ഫീസ് ഒടുക്കിയ ശേഷം കമ്പ്യൂട്ടറിൽ നിന്നും ലഭിക്കുന്ന സ്ലിപ്പും ആധാരവുമായി സബ് രജിസ്ട്രാർ ഓഫീസിൽ നേരിട്ടെത്തി ആധാരങ്ങൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. ബാധ്യതാ സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുന്ന സമയത്ത് അപേക്ഷാ ഫീസ് ഇന്റർനെറ്റ് മുഖാന്തിരം ഒടുക്കിയതിന് ശേഷം ബന്ധപ്പെട്ട സബ് രജിസ്ട്രാർ ഓഫീസിൽ തയ്യാറാക്കിയ സർട്ടിഫിക്കറ്റുകൾ അപേക്ഷകന് ഓഫീസിൽ നേരിട്ട് വരാതെ തന്നെ ഇന്റർനെറ്റ് മുഖാന്തിരം ലഭിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**